# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 833 — 25.01.2018 ലെ മറുപടിയ്ക്ക്.

## തൊഴിൽ നൈപുണ്യ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗ ങ്ങളിലെ യുവതീയുവാക്കളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി അവർക്ക് വ്യാവസായിക സ്ഥാപന ങ്ങളിൽതൊഴിൽനൈപുണ്യ പരിശീലനം നല്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതി യുവാക്കൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകിവരുന്നുണ്ട്. |
| (ബി) | വിദേശത്തേക്ക് തൊഴിൽ തേടിപ്പോകാൻ അവരെ പ്രാപ്തരാക്കുന്നതിന് എന്തെ ല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്ന തെന്ന് വെളിപ്പെടുത്തുമോ? | (ബി) | നിലവിൽ വിദേശത്തേയ്ക്ക് തൊഴിൽ തേടി പോകുന്ന പട്ടികജാതി യുവതിയുവാക്കൾക്ക് വിസ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ IELTS/TOEFL, NEP (Nursing Eligibility Programme), Skill Training programme for Oil and Rig എന്നീ വിദേശ തൊഴിൽ നേടാൻ സഹായമായ കോഴ്സുകളിലും വകുപ്പ് പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പരിശീ ലനം പൂർത്തിയാക്കുന്ന മുറയ്ക്ക്, വിദേശ തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ യുവതീയുവാക്കളെ സംസ്ഥാനത്തിനകത്തും പുറത്തും തൊഴിൽ തേടി പോകുന്നതിന് പ്രാപ്തരാക്ക ന്നതിനായി പ്രൊഫഷണൽ വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള മുഴുവൻ ചെലവും വകുപ്പ് വഹിക്കുന്നുണ്ട്. വിദേശത്ത് ഉപരിപഠന ത്തിനുള്ള സഹായവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.